# നവാഗതർക്ക് സ്വാഗതം

പ്രിയ വിദ്യാർത്ഥി,

ആംപിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് & പ്രൈവറ്റ് ഐടി ഐയിൽ 2017 വർഷത്തിൽ ആരംഭിക്കുന്ന വിവിധ സാങ്കേതിക പരിശീലന കോഴ്സുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന നിങ്ങൾക്ക് സ്വാഗതം.

ലോകം ഇന്ന് സാങ്കേതിക രംഗത്ത് എല്ലാമേഖലകളിലും നേടിയ അദ്ഭുതപൂർവ്വമായ വളർച്ചയുടെ ഫലമായി യുവതിയുവാക്കൾക്കുള്ള തൊഴിലവസരങ്ങളിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഈ വർദ്ധനവിനനുസരിച്ചുള്ള സാങ്കേതികവിദഗ്ധൻമാരെ സൃഷ്ടിക്കാൻ സാധിക്കുന്നില്ലെന്നത് വസ്തുതയാണ്. അതിനാൽ വിവിധമേഖലകളിലെ ആയിരക്കണക്കിന് ഒഴിവുകളിലേക്ക് ആവശ്യമായ എഞ്ചിനീയർമാരെയും ടെക്നീഷ്യൻമാരെയും വാർത്തെടുക്കുകയും തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ പ്രധാനദൗത്യം.

ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, സിവിൽ, മെക്കാനിക്കൽ, ഓട്ടോമൊബൈൽ എന്നിവയിലും ഇവയുടെ ഉപശാഖകളിലും ഇന്ന് തൊഴിലവസരങ്ങൾ നിരവധിയാണ്. ഈ സ്ഥാപനത്തിൽ പരിശീലനം പൂർത്തിയാക്കിയ ബഹുഭൂരിപക്ഷം പേരും ഇന്ന് ഇന്ത്യയിലും വിദേശത്തുമുള്ള സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ജോലി നോക്കുകയും സ്വയം തൊഴിൽ സംരഭങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നഗരമദ്ധ്യത്തിൽ ആധുനികസൗകര്യങ്ങളോടെ നിർമ്മിച്ച സ്വന്തം കെട്ടിടത്തിലാണ് 2009 മുതൽ ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. വിവിധ കോഴ്സുകളിൽ പ്രവേശനത്തിന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിപ്പാർട്ട്മെന്റ് അനുശാസിക്കുന്ന വിധത്തിൽ തന്നെ പരിശീലനത്തിനാവശ്യമായ തിയറി-പ്രാക്ടിക്കൽ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഡിപ്ലോമ,ഐ.ടി.ഐ, കെ.ജി.സി.ഇ കൂടാതെ ഹ്രസ്വകാലപരീക്ഷകൾക്കും ഉയർന്ന വിജയശതമാനം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2009 ൽ തിരുവനന്തപുരത്തുനിന്നും ഏറ്റുവാങ്ങിയ സംസ്ഥാനത്തെ മികച്ച സാങ്കേതിക പരിശീലനകേന്ദ്രത്തിനുള്ള ശ്രീ ചിത്തിരതിരുനാൾ അവാർഡ് ഈ രംഗത്തെ മൂന്നര പതിറ്റാണ്ടുകാലത്തെ മികവുറ്റ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ഞങ്ങൾ കണക്കാക്കുന്നത്. ഈ സ്ഥാപനത്തിൽ തൃപ്തികരമായി പരിശീലനം പൂർത്തിയാക്കപ്പെടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും വർഷംതോറും നടത്തപ്പെടുന്ന ജോബ്ഫെയർ വഴി തൊഴിൽ ലഭ്യമാക്കാൻ സാധിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

-പ്രിൻസിപ്പാൾ



ക്യാപ്റ്റൻ കെ.ബി.കെ.നായർ
(ഫൗണ്ടർ പ്രിൻസിപ്പാൾ)

# ആംപിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & പ്രൈവറ്റ് ഐടിഐ

കരസേനയിൽ എഞ്ചിനീയറായിരുന്ന അന്തരിച്ച ക്യാപ്റ്റൻ കെ.ബി.കെ.നായർ 1977 ൽ സ്ഥാപിച്ചതാണ് ആംപിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & പ്രൈവറ്റ് ഐടിഐ എന്ന സ്ഥാപനം.നമ്മുടെ നാട്ടിലെ തൊഴിലില്ലാത്ത യുവാക്കൾക്ക് വ്യാവസായികപരിശീലനം നൽകി തൊഴിൽ കണ്ടെത്താൻ സഹായിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. ചുരുക്കം കോഴ്സുകളുമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അംഗീകാരമുള്ള നിരവധി കോഴ്സുകൾ പരിശീലിപ്പിക്കുന്നു. സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് എന്നും പ്രചോദനമായ സ്ഥാപക പ്രിൻസിപ്പാളിന്റെ ദീപ്തമായ ഓർമ്മയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## കോഴ്സുകൾ

കോഴുസുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

### എൻ.സി.വി.ടി

ഇന്ത്യാ ഗവൺമെന്റിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ വ്യാവസായിക പരിശീലന കേന്ദ്രങ്ങളായി അംഗീകാരം ലഭിച്ച ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐ കളിൽമാത്രം നടത്തപ്പെടുന്ന കോഴ്സുകളാണ് നാഷണൽ സർട്ടിഫിക്കറ്റ് ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സുകൾ.ഇതനുസരിച്ച് ഏറെ തൊഴിൽ അവസരമുള്ള കോഴ്സുകളാണ് ഇവിടെ പഠിപ്പിക്കുന്നത്

### കെ.ജി.സി.ഇ

കേരളസർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസവകുപ്പ് അംഗീകരിച്ചതും പി.എസ്.സി അംഗീകാരമുള്ളതുമായ ദ്വിവത്സര കോഴ്സുകളാണ് കെ.ജി.സി.ഇ കോഴ്സുകൾ. ഇവ ഐ.ടി.ഐ കോഴ്സുകൾക്ക് തത്തുല്ല്യമായ കോഴ്സുകളാണ്. സംസ്ഥാനത്തെ പോളിടെക്നിക്കുകളാണ് കെ.ജി.സി.ഇ. പരീക്ഷാ കേന്ദ്രങ്ങൾ. ഇലക്ട്രോണിക്സ്-ടി.വി എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ്, സിവിൽ എഞ്ചിനിയറിംഗ്, മെക്കാനിക്കൽ എഞ്ചിനിയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഏസി-റഫ്രിജറേഷൻ എഞ്ചിനീയറിംഗ് എന്നിവയാണ് കോഴ്സുകൾ.



ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്



സിവിൽ എഞ്ചിനീയറിംഗ്



ഇലക്ട്രോണിക്സ്എഞ്ചിനീയറിംഗ്

## ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ

കേരള ഗവൺമെന്റ് സ്ഥാപനത്തിൽ വരുന്ന ഐ.ടി.ഒഴിവുകളിൽ ജോലി സമ്പാദിക്കുന്നതിന് പി.എസി.സി യോഗ്യതയുള്ള കോഴ്സാണ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ അപ്ലിക്കേഷൻ,ഇതിന്റെ കാലാവധി 6 മാസമാണ്. ഗവൺമെന്റ് അംഗീകൃത ഏജൻസിയായ BSS IT Mission എന്ന സ്ഥാപനമാണ് പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നത്

## പി. എം. കെ. വൈ പരിശീലനം

പ്രധാന മന്ത്രി നൈപുണ്യ വികസന പദ്ധതി പ്രകാരം വ്യവസായ രംഗത്ത് തൊഴിൽ തേടുന്ന ലക്ഷോപലക്ഷം യുവതി യുവാക്കൾക്ക് സൗജന്യമായി സ്കിൽ ട്രെയിനിംഗ് നൽകി സർട്ടിഫ്ക്കറ്റ് ലഭ്യമാകുന്ന കോഴ്സുകളാണ്.

## വയർമാൻ ലൈസൻസ് കോഴ്സ്

കെ.എസ്.ഇ.എൽ.ബി യുടെ ലൈസൻസിംഗ് വിഭാഗമായ കേരള സ്റ്റെയിറ്റ് ലൈസൻസിംഗ് ബോർഡ് നടത്തുന്ന പൊതുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് ലഭിക്കുന്നു. ഈ ലൈസൻസ് കൈവശമുള്ള വയർമാൻമാർക്ക് മാത്രമേ നിയമാനുസൃതം കെട്ടിടങ്ങളുടെ വയറിംഗ് ചെയ്യുന്നതിന് അധികാരമുള്ളൂ.

## കോഴ്സ് ഫീസ്

കോഴ്സുകളുടെ പേര്, അംഗീകാരം, കാലാവധി, ഫീസ്, കോഷൻ ഡിപ്പോസിറ്റ് ഇവ അടങ്ങിയ ഫീസ് ഷെഡ്യൂൾ ഇതോടൊപ്പം ചേർക്കുന്നു.



ഏസി-റഫ്രിജറേഷൻ എഞ്ചിനീയറിംഗ്



ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്



മെക്കാനിക്കൽ എഞ്ചിനീയറിംഗ്



വയർമാൻ ലൈസൻസ് കോഴ്സ്



വെൽഡിംഗ് പരിശീലനം

# FEE SCHEDULE

| Sl. No. | COURSES | DURATION | INSTALLMENT | | | | | | TOTAL | CD |
|---|---|---|---|---|---|---|---|---|---|---|
| 1 | **KGCE**<br>Electronics Radio TV Engg | 2year | On Admi 10000/- | Oct 5000/- | Jan 5000/- | IIyr june 5000/- | Oct 5000/- | Jan 5000/- | **35000/-** | **1000/-** |
| 2 | Electrical Engg. | 2 Year | On Admi. 10000/- | Oct. 5000/- | Jan. 5000/- | II Yr. June. 5000/- | Oct. 5000/- | Jan. 5000/- | **35000/-** | **1000/-** |
| 3 | Civil Engg. with Autocad | 2 Year | On Admi. 10000/- | Oct. 5000/- | Jan. 5000/- | II Yr. June. 5000/- | Oct. 5000/- | Jan. 5000/- | **35000/-** | **1000/-** |
| 4 | Mechanical Engg. | 2 Year | On Admi. 10000/- | Oct. 5000/- | Jan. 5000/- | II Yr. June. 5000/- | Oct. 4000/- | Jan. 4000/- | **32000/-** | **1000/-** |
| 5 | Automibile Engg. with LMV Driving | 2 Year | On Admi. 12000/- | Oct. 6000/- | Jan. 6000/- | II Yr. June. 6000/- | Oct. 5000/- | Jan. 5000/- | **40000/-** | **1000/-** |
| 6 | A/C Refrigeration Engg. | 2 Year | On Admi. 10000/- | Oct. 5000/- | Jan. 5000/- | II Yr. June. 5000/- | Oct. 5000/- | Jan. 5000/- | **35000/-** | **1000/-** |
| 7 | **KSELB LICENSE**<br>Wireman | 1 Year | On Admi. 5000/- | Oct. 3500/- | Jan. 3500/- | | | | **12000/-** | **500/-** |
| 8 | X-Ray & TIG Welding | 6 Month | On Admi. 12500/- | Sep. 7500/- | | | | | **20000/-** | **500/-** |
| 9 | Aluminium Fabrication | 3 Month | On Admi. 5000/- | Sep. 2000/- | | | | | **7000/-** | **500/-** |

# പ്രവേശനോപാധികൾ

## അപേക്ഷാഫോറം

പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് 100 രൂപ വിലയുള്ള അപേക്ഷാ ഫോറവും പ്രോസ്പെക്ടസും സ്ഥാപനത്തിന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോറം എസ്.എസ്.എൽ.സി, പ്ലസ്ടു എന്നിവയുടെ കോപ്പി സഹിതം ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ സമർപ്പിച്ചാൽ ഇന്റർവ്യൂവിന് ഹാജരാകാനുള്ള അറിയിപ്പ് ലഭിക്കുന്നതായിരിക്കും.

## റജിസ്ട്രേഷൻ

പൂരിപ്പിച്ച അപേക്ഷാഫോറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷന് പ്രത്യേകം ഫീസ് ഈടാക്കുന്നതല്ല. അപേക്ഷാഫോറത്തോടൊപ്പം എസ്.എസ്.എൽ.സി, പ്ലസ്ടു ഇവയുടെ അറ്റസ്റ്റ് ചെയ്ത പകർപ്പ് ഉണ്ടായിരിക്കണം. മുഴുവനായും പൂരിപ്പിക്കാത്തതും ഫോട്ടോ ഒട്ടിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

## അഡ്മിഷൻ ഇന്റർവ്യൂ

കോഴ്സിനു തിരഞ്ഞെടുക്കപ്പെടുന്നവർ നിശ്ചയിച്ച തീയ്യതിക്ക് രക്ഷിതാവ് സഹിതം ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. അഡ്മിഷൻഫീസ്, കോഷൻ ഡിപ്പോസിറ്റ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ, അപേക്ഷാഫോറത്തിലും ബസ്സ്പാസ്സിനും ആവശ്യമായ പാസ്പോർട്ട്സൈസ് ഫോട്ടോകൾ ഇവകൊണ്ടുവരേണ്ടതാണ്.

# കോഴ്സ് നിയമങ്ങൾ

## കോഴ്സ് കാലാവധി

കോഴ്സുകളുടെ കാലാവധി നിശ്ചയിച്ചിരിക്കുന്നത് ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ്. 2 വർഷം ദൈർഘ്യം വരുന്ന കെ.ജി.സി.ഇ കോഴ്സുകൾക്ക് 2 മാസം വേനലവധിക്കാലമാണ്. എന്നാൽ 4 സെമസ്ട്രർ പഠനകലാവധി വരുന്ന എൻ.സി.വി.ടി കോഴ്സുകൾക്ക് വേനലവധി ബാധകമല്ല

## സ്റ്റുഡന്റ്സ് രജിസ്ട്രേഷൻ

ഓരോ കോഴ്സിനും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന രജിസ്ട്രേഷൻ ഫീസ് അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## ഹാജർനില

എല്ലാ കോഴ്സുകൾക്കും വർഷാന്ത പരീക്ഷ എഴുതുന്നതിന് 80% ഹാജർ നിർബന്ധമാണ്. കെ.ജി.സി.ഇ വിദ്യാർത്ഥികൾക്ക് ഒന്നാമത്തെ വർഷം 80% ഹാജരുണ്ടെങ്കിൽ മാത്രമേ ക്ലാസ് കയറ്റം സാധ്യമാകുകയുള്ളൂ. രണ്ടാമത്തെ വർഷം പൊതുപരീക്ഷ എഴുതുന്നതിനും ഈ നിയമം ബാധകമാണ്.

## ലീവ് അപേക്ഷ

ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ മാത്രമേ ലീവ് അനുവദിക്കുകയുള്ളൂ. അസുഖം മൂലം എട്ട് ദിവസം തുടർച്ചയായി ഹാജരാകാത്തവർ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ തുടർപഠനം അനുവദിക്കുകയുള്ളൂ. ലീവ് അപേക്ഷകൾക്ക് മാത്രമായി ഒരു നോട്ട്ബുക്ക് ഉണ്ടാകേണ്ടതും ഇതിൽ ക്രമപ്രകാരം എഴുതി രക്ഷിതാവിന്റെ ഒപ്പിട്ട് കൊണ്ടുവരേണ്ടതുമാണ്.

## പരീക്ഷകൾ

ഓരോ വർഷവും മൂന്ന് ടേംമിനൽ പരീക്ഷകൾ ഉണ്ടായിരിക്കുന്നതാണ്. ടേംമിനൽ പരീക്ഷകൾക്ക് ലഭിച്ച മാർക്കും ഹാജരും അനുസരിച്ച് മാത്രമേ ഇന്റേണൽ മാർക്കും പൊതുപരീക്ഷ എഴുതുവാനുള്ള അനുവാദവും ലഭിക്കുകയുള്ളു.

## ഇന്റേണൽ മാർക്ക് :

ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരീക്ഷകൾ റെക്കോർഡ്ബുക്ക്, അസൈൻമെന്റ്, നോട്ടുബുക്ക്, ക്ലാസിലെ അച്ചടക്കം, ഹാജർ ഇവയെ അടിസ്ഥാനപ്പെടുത്തി നല്കുന്ന ഇന്റേണൽ മാർക്ക് കണക്കിലെടുത്തു മാത്രമേ രണ്ടാംവർഷത്തേക്കുള്ള പ്രമോഷൻ, രണ്ടാം വർഷത്തിൽ പബ്ലിക് പരീക്ഷ എഴുതുവാനുള്ള അനുവാദം ഇവ സാധ്യമാകുകയുള്ളൂ.

## പ്രോഗ്രസ്കാർഡ്

ഓരോ ടേംമിനൽ പരീക്ഷക്ക് ലഭിക്കുന്ന മാർക്കും ഹാജരും രേഖപ്പെടുത്തിയ പ്രോഗ്രസ് കാർഡ് രക്ഷിതാവ് ഓഫീസിൽ വന്ന് പരിശോധിക്കേണ്ടതും കുട്ടിയുടെ പഠനം സംബന്ധിച്ച് അദ്ധ്യാപകരുമായി ആശയവിനിമയം നടത്തേണ്ടതുമാണ് പ്രോഗ്രസ്കാർഡ് വിലയിരുത്തുന്നതിന് വിളിച്ച് ചേർക്കപ്പെടുന്ന പി.ടി.എ. മീറ്റിംഗിൽ രക്ഷിതാവ് ആദ്യാവസാനം നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## അച്ചടക്കം

വിദ്യാർത്ഥികൾ ടൈംടേബിൾ പ്രകാരമുള്ള സമയക്രമം പാലിക്കാൻ ബാധ്യസ്ഥരാണ്. ഓരോ വിദ്യാർത്ഥിയും ക്ലാസ് തുടങ്ങുന്നതിന് മുൻപ് തന്നെ ക്ലാസിൽ ഹാജരാവുകയും ക്ലാസ് അവസാനിച്ച ശേഷം മാത്രം പുറത്ത് പോകുകയും ചെയ്യേണ്ടതാണ്. പ്രിൻസിപ്പാൾ, അദ്ധ്യാപകർ എന്നിവരിൽ നിന്ന് അനുവാദം ലഭിക്കാത്ത ലീവുകൾ അനധികൃതലീവായി കണക്കാക്കുകയും തുടർച്ചയായ അനധികൃതലീവ് എടുക്കുന്നവർ സ്ഥാപനത്തിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്യുന്നതുമാണ്. ക്ലാസ് കട്ട് ചെയ്യൽ, അപമര്യാദയോടുകൂടിയ പെരുമാറ്റം ഇവയും ശിക്ഷാർഹമാണ്.

## ഫീസ് അടവ്

ഓരോ കോഴ്സിനും നിർദ്ദേശിക്കപ്പെട്ട ഫീസ് നിശ്ചയിച്ച സമയ പരിധിക്കുള്ളിൽ തന്നെ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. സമയപരിധിക്കകം ഫീസ് അടക്കാത്തവർ പിഴ അടക്കേണ്ടതാണ്.

## കോഷൻ ഡിപ്പോസിറ്റ്

കോഴ്സിനു തിരഞ്ഞെടുക്കപ്പെട്ടവർ ഫീസിനു പുറമേ നിർദ്ദേശിക്കപ്പെട്ട കോഷൻ ഡിപ്പോസിറ്റും അടക്കേണ്ടതാണ്. സ്ഥാപനത്തിന്റെ സ്വത്തോ പ്രാക്ടിക്കൽ ഉപകരണങ്ങളോ നശിപ്പിക്കുകയോ തേയ്മാനം വരുത്തുകയോ ചെയ്യുന്ന പക്ഷം അതിന്റെ വില കോഷൻ ഡിപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതാണ്.

## വിദ്യാർത്ഥികൾക്ക് കൂടുതൽ സർട്ടിഫിക്കറ്റുകൾ നേടാൻ അവസരം

വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന വിഷയത്തിൽ ദേശീയതലത്തിലുള്ള ഐ.ടി.ഐ.എസ്. ഉൾപ്പെടെ പരീക്ഷകൾ എഴുതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കാൻ അവസരം ലഭിക്കുന്നു. പ്രസ്തുത സർട്ടിഫിക്കറ്റുകൾ എളുപ്പത്തിൽ തൊഴിൽ സമ്പാദിക്കാൻ സഹായകരമാകുന്നു.

## മൊബൈൽഫോൺ നിരോധം

മൊബൈൽഫോൺ സ്ഥാപനത്തിന്റെ കോമ്പൗണ്ടിലോ, ക്ലാസ്മുറികളിലോ ഉപയോഗിക്കുന്നത് ഗവൺമെന്റ് നിർദ്ദേശം അനുസരിച്ച് നിരോധിച്ചിരിക്കുന്നു. ആയതിനാൽ മൊബൈൽഫോൺ ഉപയോഗിക്കുമ്പോൾ പിടിക്കപ്പെട്ടാൽ തിരിച്ചുനൽകുന്നതല്ല.

## പഠനയാത്ര

കോഴ്സിന്റെ അന്ത്യത്തിൽ ഒരുതവണ വിദ്യാർത്ഥികൾക്ക് പഠനയാത്ര ഒരുക്കാറുണ്ട്. ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന ഇത്തരം പഠനയാത്രകൾക്ക് അതാതു ഫാക്വൽട്ടികൾ മുൻകൈയെടുക്കും.

## കോഴ്സിനിടക്കുവെച്ച് പഠനം നിർത്തുന്ന വിദ്യാർത്ഥികൾ ശ്രദ്ധിക്കുക.

ഒരു കോഴ്സിലേക്ക് പ്രവേശനം നേടി ക്ലാസ് ആരംഭിച്ച് പേര് രജിസ്റ്റർ ചെയ്യപ്പെട്ട ശേഷം പഠനം നിർത്തുന്ന ഏതൊരു വിദ്യാർത്ഥിയും കോഴ്സിന് നിശ്ചയിക്കപ്പെട്ട മുഴുവൻഫീസും അടക്കാൻ ബാധ്യസ്ഥനാണ്. കാരണം രജിസ്ട്രേഷൻ പൂർത്തിയായ ശേഷം ഒഴിവുവരുന്ന സീറ്റിൽ മറ്റൊരാളെ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല.

---

## ജോബ് ഫെയർ വഴി എല്ലാവർക്കും പ്ലേസ്മെന്റ്

കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ടി ഇന്ത്യയിലെ പ്രശസ്തമായ കമ്പനികളെ അണിനിരത്തി ഈ സ്ഥാപനത്തിൽ വർഷംതോറും ജോബ്ഫെയർ നടത്തിവരുന്നു. ഇങ്ങനെ നടത്തുന്ന ക്യാമ്പസ്ഇന്റർവ്യൂവിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന നിരവധി വിദ്യാർത്ഥികൾ വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ ഉയർന്ന ജോലികൾ കരസ്ഥമാക്കിയിട്ടുണ്ട്. ***ജോബ്ഫെയർ വഴി എല്ലാവർക്കും പ്ലേസ്മെന്റ്*** എന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാഭ്യാസം തേടുന്ന വിദ്യാർത്ഥികൾ ആംപിയർ ഇൻസ്റ്റിറ്റ്യൂട്ടിനെ തെരഞ്ഞെടുക്കാൻ കാരണം.




ആംപിയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗിൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് നൽകുന്നതിന് വേണ്ടി നടത്തിയ ജോബ് ഫെയർ ശ്രീ. ടി. വി. രാജേഷ് എം. എൽ. എ ഉദ്ഘാടനം ചെയ്യുന്നു.

# പൊതു നിബന്ധനകൾ

1. ഓരോ വിദ്യാർത്ഥിയും ടൈംടേബിൾ പ്രകാരമുള്ള സമയക്രമം പാലിക്കേണ്ടത് നിർബന്ധമാണ്.
2. ഇൻസ്റ്റിറ്റ്യൂട്ട് പരിസരത്തും ക്ലാസ് മുറികളിലും പരിപൂർണ്ണ അച്ചടക്കം പാലിക്കേണ്ടതാണ്.
3. ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വളരെ സൂക്ഷ്മതയോടെ ഉപയോഗിക്കേണ്ടതും, കേടുപാടുകൾ വരുത്തുന്ന പക്ഷം മതിയായ പിഴ ഈടാക്കുന്നതുമാണ്.
4. എല്ലാ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കും അംഗീകൃത പരീക്ഷയ്ക്ക് ഇരിക്കുന്നതിന് 80% ഹാജർ നിർബന്ധമാണ്.
5. തുടർച്ചയായി എട്ടു ദിവസത്തിൽ കൂടുതൽ ക്ലാസിൽ ഹാജരാകാതിരുന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
6. കുട്ടികളുടെ പ്രോഗ്രസ്സ് റിപ്പോർട്ട് രക്ഷാകർത്താക്കൾ യഥാസമയം പരിശോധിക്കേതും ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസിൽ നേരിൽ വന്ന് വിലയിരുത്തേണ്ടതുമാണ്.
7. ഇടക്കുവെച്ച് പഠനം നിർത്തുന്നവരും സ്ഥാപനത്തിൽ നിന്നും എന്തെങ്കിലും കാരണവശാൽ പുറന്തള്ളപ്പെടുന്നവരും വ്യവസ്ഥ ചെയ്യപ്പെട്ട മുഴുവൻഫീസും അടക്കേണ്ടതാണ്.
8. മുഴുവൻ ഫീസും അടച്ച വിദ്യാർത്ഥികൾക്ക് മാത്രമേ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കേണ്ടുന്ന സർട്ടിഫിക്കറ്റുകളും (ടി.സി. ഉൾപ്പെടെ) ലഭിക്കുകയുള്ളൂ.
9. ഫീസ് കൃത്യമായി അടക്കാത്ത പക്ഷം ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിക്കുന്ന പിഴ അടച്ചാൽ മാത്രമേ തുടർന്നു പഠിക്കാൻ അനുവദിക്കുകയുള്ളൂ.
10. ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിക്കുന്ന യൂണിഫോറം, ഐ.ഡി.കാർഡ് ഇവ ധരിക്കുവാൻ എല്ലാ വിദ്യാർത്ഥികളും ബാധ്യസ്ഥരാണ്.
11 പ്രാക്ടിക്കൽ ക്ലാസുകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യകം വർക്കിംഗ് ഡ്രസ്സ് ഉണ്ടായിരിക്കേണ്ടതാണ്.
12. സ്ഥാപനത്തിൽ മുണ്ട്, ടീഷർട്ട് എന്നിവ ധരിച്ചു വരാൻ പാടുള്ളതല്ല.
13. സ്ഥാപനത്തിനുള്ളിൽ ലഹരി ഉപയോഗം, പുകവലി, മുറുക്കൽ, പൊടിവലിക്കൽ മുതലായവ കർശനമായി നിരോധിച്ചിരിക്കുന്നു.
14. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൗകര്യത്തിനനുസരിച്ചും സാങ്കേതിക കാരണങ്ങളാലും സ്ഥലവും സമയവും മാറ്റപ്പെടുന്നതാണ്.
15. എല്ലാ വിദ്യാർത്ഥികളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരീക്ഷകൾ എഴുതേണ്ടതാണ്
16. 80% ഹാജർ ഇല്ലാത്തവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
17. സ്ഥാപനത്തിന്റെ നടത്തിപ്പ്, നിബന്ധനകൾ എന്നിവയിൽ തീരുമാനം കൈക്കൊള്ളാനുള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിനായിരിക്കും.
18. ക്യാമ്പസിൽ മൊബൈൽഫോൺ ഉപയോഗിക്കുന്നത് അനുവദനീയമല്ല. മൊബൈൽഫോൺ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ മൊബൈൽ ഫോൺ പിടിച്ചെടുത്ത് വിദ്യാർത്ഥിയുടെ പേരിൽ കർശന നടപടി എടുക്കുന്നതാണ്.
19. വാഹനം ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ കോമ്പൗണ്ടിനകത്തും പുറത്തും റോഡ് സുരക്ഷ - ട്രാഫിക് നിയമങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥരാണ്.